KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 01/06/ 2020

# ലോക്-ഡൗൺ ലംഘനം 12 വ്യാപാര സ്ഥാപനങ്ങൾക്കെതിരെയും മാസ്ക് ധരിക്കാത്തതിന് 82 പേർക്കെതിരേയും പോലീസ് നടപടി

കൊല്ലം : സമ്പൂർണ ലോക്-ഡൗൺ ലംഘനത്തിന് കൊല്ലം സിറ്റിയിൽ 49 പേർക്കെതിരെ 48 കേസുകൾ രജിസ്റ്റർ ചെയ്തു.27വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 83 പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തു.ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ച് കടപ്പാക്കട, ഉളിയക്കോവിൽ, ആൽത്തറമൂട്,നല്ലില,മുല്ലശ്ശേരി,കുറ്റിപ്പുറം,മണപ്പള്ളി എന്നിവിടങ്ങളിൽ ബേക്കറി,പൗൾട്രി ഫാം, സ്റ്റേഷനറി സ്റ്റോർ,ഹാർഡ് വെയർ ,ഫ്രൂട്ട് സ്റ്റാൾ തുടങ്ങിയ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചതിന് 12 കടയുടമകൾക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു. പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കുന്നവർ നിർബന്ധമായും മാസ്ക് ധരിക്കേണ്ടതും വ്യാപാര സ്ഥാപനങ്ങളിൽ ശുചീകരണ സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. പൊതുസ്ഥലങ്ങളിൽ മാസ്ക് ധരിക്കാതെ പുറത്തിറങ്ങുന്നവരെ കണ്ടെത്തുന്നതിനും ക്വാറന്റൈനിലുള്ളവരെ നിരീക്ഷിക്കുന്നതിനുമായി സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ സേവനവും പോലീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

.